I/170382/2024

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

ഇ . എച്ച് 1/ 7074/2022/ ആ.വ .ഡ                    തീയതി-05-03-2024

**<u>സർക്കുലർ</u>**

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2024 -ലെ പൊതു സ്ഥലംമാറ്റം - സ്പാർക്ക് അപ്ഡേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: - 1 . സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017.

2. ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ തീയതി : 31/01/024

മേൽ പരാമർശം 2 പ്രകാരം ആരോഗ്യ വകുപ്പിൽ 2024 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി നൽകിയിരുന്ന സർക്കുലറിന്റെ തുടർച്ചയായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1 . അസിസ്റ്റന്റ് സർജൻ തസ്തികകയിൽ ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകളെക്കാൾ കൂടുതൽ PEN നമ്പറുകൾ സ്പാർക്കിൽ നിലനിൽക്കുന്നു. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ , ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിച്ചതും എന്നാൽ അവധി അനുവദിക്കുന്നതിനുമുമ്പ് ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ തുടങ്ങി പല സാഹചര്യങ്ങളിൽ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവരുടെ വിവരങ്ങൾ സ്പാർക്കിൽ " Unauthorized absence " എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി "From Date" , " To Date" എന്നീ ഓപ്ഷനുകളിൽ " To Date" പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാകുന്നതിന് ശേഷമുള്ള ഒരു തീയതി (future date) നൽകി എന്റർ ചെയ്യാവുന്നതാണ് .

2 . അഡ്ഹോക്ക് പോസ്റ്റിംഗ് നൽകി കാലാവധി കഴിഞ്ഞ് പിരിച്ചു വിട്ടവർ / പൂർത്തിയാക്കാതെ പിരിഞ്ഞു പോയവർ , ജോലി രാജിവെച്ചവർ എന്നിവരുടെ PEN അടിയന്തിരമായി ടെർമിനേറ്റ് ചെയ്യേണ്ടതാണ്.

3 . മരണപ്പെട്ടവർ / സേവനത്തിൽ നിന്നും വിരമിച്ചവർ എന്നിവരുടെ വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി എൻട്രി ചെയ്യേണ്ടതാണ്. Annexure XIIA, XIIB & XIIC പ്രകാരം അനുവദിച്ചിട്ടുള്ള അവധികൾ ഏല്ലാം തന്നെ കൃത്യമായി സ്പാർക്കിൽ എൻട്രി ചെയ്യുക.

4 . ജോലി രാജിവെച്ചവർ , പിരിച്ചു വിട്ടവർ എന്നിവരുടെ PEN അടിയന്തിരമായി ടെർമിനേറ്റ് ചെയ്യേണ്ടതാണ്.

I/170382/2024

5. സ്റ്റാഫ് നേഴ്സ് വിഭാഗം തസ്തികകൾ പുനഃനാമകരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം തസ്തികകളുടെ പേരുകൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ് .

6 . മേല്പറയുന്ന വിഷയങ്ങൾ സ്പാർക്കിൽ എൻട്രി ചെയ്യുന്നതിന് എന്തെങ്കിലും സാങ്കതിക തടസ്സമുണ്ടെങ്കിൽ വിഷയം വ്യക്തമാക്കിയ കത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ PEN ഉൾപ്പെടെയുള്ള വിവരങ്ങളും info@spark.gov.in എന്ന ഇമെയിൽ വിലാസത്തിൽ സ്പാർക്കിലേയ്ക്ക് അയച്ച് പരിഹാരം തേടേണ്ടതാണ് .

7. മേൽ പരാമർശം 2 സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാർ എല്ലാ സ്ഥാപന മേധാവികളും സ്പാർക്ക് അപ്ഡേഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് .

8. സ്പാർക്ക് അപ്ഡേഷൻ കൃത്യമായി കൃത്യമായി ചെയ്യാത്തതു മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

Signed by
Dr Reena K J
Date: 05-03-2024 18:12:01

ഡോ .കെ. ജെ. റീന

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്